"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- നീണ്ടകര ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് 2012-13ൽ ഭൂമി വാങ്ങുന്നതിന് അനുവദിച്ച ധനസഹായം കൈപ്പറ്റി വാങ്ങിയ ശ്രീ. ഭാർഗ്ഗവന്റെ 3 സെന്റ് ഭൂമി നിബന്ധനകൾക്ക് വിധേയമായി വിൽക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**G.O.(Rt)No.2063/2019/LSGD** തീയതി,തിരുവനന്തപുരം, 24/09/2019

---

പരാമർശം:- 1 നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 27/07/2017ലെ എൻ6-2866/17 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ശ്രീ. ഭാർഗ്ഗവന്റെ അപേക്ഷയും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും

2 പഞ്ചായത്ത് ഡയറക്ടറുടെ 25/06/2019ലെ ജെ2-21646/2018 നമ്പർ കത്ത്.

**ഉത്തരവ്**

നീണ്ടകര ഗ്രാമ പഞ്ചായത്തിൽ താമസിക്കുന്ന വില്ലിടയ്യത്ത് ശ്രീ. ഭാർഗ്ഗവൻ, പട്ടികജാതി പട്ടികവർഗ്ഗക്കാരായ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായമായി ലഭിച്ച 150000/- രൂപ വിനിയോഗിച്ച് വാങ്ങിയ ഭൂമിവിൽക്കുന്നതിന് അനുവാദം നൽകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം നീണ്ടകര പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി. സർക്കാർ ഈ വിഷയം പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം 2ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ശ്രീ. ഭാർഗ്ഗവന് ധനസഹായമായി ലഭിച്ച 150000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നിയമാനുസൃത പലിശയും ചേർത്ത് പഞ്ചായത്ത് ഓഫീസിൽ തിരിച്ചടക്കേണ്ടതാണെന്നും, ടി തുക പദ്ധതി വിഹിതമാണെങ്കിൽ പഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട കൺസോളിഡേറ്റഡ് ഫണ്ടിൽ അടച്ചതിന് ശേഷം മാത്രമേ അനുവാദം നൽകാൻ പാടുള്ളുവെന്നുമുള്ള വ്യവസ്ഥയോടെ ഭാവിയിൽ വീട് മാത്രം ലഭിക്കുവാനുള്ള അർഹത നിലനിർത്തിക്കൊണ്ട് ആനുകൂല്യമായി ലഭിച്ച 3 സെന്റ് ഭൂമി വിൽക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, നീണ്ടകര ഗ്രാമപഞ്ചായത്ത്.

ശ്രീ. ഭാർഗ്ഗവൻ, വില്ലിടയ്യത്ത് വീട്, പുത്തൻതുറ പി.ഒ, കൊല്ലം ജില്ല

ജില്ലാകളക്ടർ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ